# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2699 18.08.2017-ൽ മറുപടിയ്ക്ക്**

## ഒരു സ്കൂളിൽ ഒന്നിൽ കൂടുതൽ യൂണിഫോമുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | പ്രൊഫ: സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് ഒരു സ്കൂളിൽ ഒന്നിൽ കൂടുതൽ യൂണിഫോമുകൾ പാടില്ലെന്ന സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | പല സ്വകാര്യ സ്കൂളുകളും ഒരേ വിദ്യാർത്ഥിക്ക് ഒന്നിൽ കൂടുതൽ യൂണിഫോമുകൾ നിഷ്കർഷിക്കുന്നത് മൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ; | ബി) | ഉണ്ട്, 2017-2018 അദ്ധ്യയന വർഷം മുതൽ ഒരു സ്കൂളിൽ ഒന്നിലധികം യൂണിഫോം പാടില്ല എന്ന നിർദ്ദേശം സർക്കുലർ വഴി നൽകിയിട്ടുണ്ട്. |
| സി) | ഈ വിഷയത്തിൽ ബാലാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടിയുടെ വിശദാംശം കമ്മീഷന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ് ഇത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാത്തതെന്ന് അറിയിക്കുമോ? | സി) | ഉണ്ട് |

സെക്ഷൻഓഫീസർ